**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ്- പുതുതായി രൂപീകരിക്കപ്പെട്ട 14 അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസുകളിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാരെ " 2425-00-001-98 ജില്ലാ ഭരണം " എന്ന നോൺ പ്ലാൻ ശീർഷകത്തിന്റെ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരായി നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.9008/2018/ധന.** തിരുവനന്തപുരം, തീയതി **31/10/2018**

---

പരാമർശം:-

1. 22/10/2018 തീയതിയിലെ സഹകരണ സംഘം റജിസ്ട്രാറുടെ ഫിൻ(318367/2018) നമ്പരായുള്ള കത്ത്.
2. 10/08/2018 തീയതിയിലെ സ.ഉ.(കൈ) നം.29/2018/സഹ.
3. 27/06/2013 തീയതിയിലെ സ.ഉ.(അച്ചടി) 283/2013/റവന്യു
4. 17/01/2018 തീയതിയിലെ സ.ഉ.(അച്ചടി) 5/2018/റവന്യു
5. ഭരണ വകുപ്പ് ഫയൽ നം. <u>Co-Op-A2/554/2018-Co-Op</u> Computer No. 998782

**<u>ഉത്തരവ്</u>**

പരാമർശം 2,3 സർക്കാർ ഉത്തരവുകൾ പ്രകാരം രൂപീകരിച്ച 14 താലൂക്കുകളിൽ സഹകരണ വകുപ്പിന്റെ സഹകരണ അസി. രജിസ്ട്രാർ (ജനറൽ) ഓഫീസുകളും, പ്രസ്തുത ഓഫീസിന്റെ പ്രവർത്തനത്തിനായി വിവിധ തസ്തികകൾ രൂപീകരിച്ചുകൊണ്ടും പരാമർശം 4 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, പുതുതായി അനുവദിച്ച 14 അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസുകളിൽ (കാട്ടാക്കട, വർക്കല, പുനലൂർ, കോന്നി, ഇടുക്കി, ചാലക്കുടി, കുന്നംകുളം, കൊണ്ടോട്ടി, പട്ടാമ്പി, താമരശ്ശേരി, ഇരുട്ടി, പയ്യന്നൂർ, വെള്ളരിക്കുണ്ട്, മഞ്ചേശ്വരം) നിയമിക്കപ്പെട്ട ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും മാറി നൽകുന്നതിന്, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസുകളിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാരെ "2425-00-001-98 ജില്ലാ ഭരണം" എന്ന നോൺ പ്ലാൻ ശീർഷകത്തിന്റെ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരായി നിയോഗിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി സഹകരണ സംഘം റജിസ്ട്രാർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ ആവശ്യത്തിലേയ്ക്കായി, പുതുതായി രൂപീകരിക്കപ്പെട്ട കാട്ടാക്കട, വർക്കല, പുനലൂർ, കോന്നി, ഇടുക്കി, ചാലക്കുടി, കുന്നംകുളം, കൊണ്ടോട്ടി, പട്ടാമ്പി, താമരശ്ശേരി, ഇരുട്ടി, പയ്യന്നൂർ, വെള്ളരിക്കുണ്ട്, മഞ്ചേശ്വരം എന്നീ 14 അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസുകളിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാരെ " 2425-00-001-98 ജില്ലാ ഭരണം " എന്ന നോൺ പ്ലാൻ ശീർഷകത്തിന്റെ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരായി നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം

സഹകരണ (എ) വകുപ്പ് (e-file No: Co-Op-A2/554/2018-Co-Op Computer No. 998782 പ്രകാരം)

ധനകാര്യ (അഗ്രി-സി) വകുപ്പ്

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ